പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1203 13/12/2012 ൽ മറുപടിയ്ക്ക്

**റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള പിഴവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ്കുമാർ<br>ശ്രീ. പി. സി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള പിഴവുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ ; | (എ) ഉണ്ട്. മുൻ റവന്യൂ റിക്കാർഡുകളുടെ അപര്യാപ്തതയും അവകാശ രേഖകൾ ഭൂവുടമകൾ യഥാസമയം ഹാജരാക്കാത്തതിന്റെയും അടിസ്ഥാനത്തിൽ പിഴവുകൾ കടന്നു കൂടിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) ഇതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനു ശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്ന് ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിലും, വകുപ്പിലും ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിന് പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്യു. |

| | | | |
|---|---|---|---|
| (സി) | റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ എന്തു നടപടിയാണ് സ്വീകരിക്കുക എന്നു വെളിപ്പെടുത്തുമോ ? | (സി) | സർവെ ഫീൽഡു ജോലികൾ പൂർത്തീകരിച്ചതിന് ശേഷം അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ടി അപാകതകൾ പൂർണ്ണമായും പരിഹരിച്ചു മാത്രമേ റവന്യൂ ഭരണത്തിന് കൈമാറുകയുള്ളൂ. കൂടാതെ റീസർവ്വെ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികൾക്കും മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതല അഡീഷണൽ തഹസീൽദാർക്ക് 31/05/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 200/10/റവന്യൂ പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം റീസർവ്വെ സംബന്ധിച്ച് നടക്കുന്ന പരാതികൾ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ